**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 325** | **24.06.2013- ലെ മറുപടിക്ക്**

## ദേശീയ ഇന്നവേഷൻ കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ്:<br>ശ്രീ.ഇ.പി.ജയരാജൻ:<br>ഡോ.ടി.എം.തോമസ് ഐസക്ക്:<br>ഡോ.കെ.ടി.ജലീൽ: | **ശ്രീ. ഉമ്മൻ ചാണ്ടി**<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ഇന്നവേഷൻ കൗൺസിൽ അദ്ധ്യക്ഷൻ ശ്രീ. സാം പിട്രോഡ നിർദ്ദേശിച്ച 10 വികസന പദ്ധതികളുടെ വിശദാമായ റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ശ്രീ. സാം പിട്രോഡ നിർദ്ദേശിച്ച 10 വികസന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ തയ്യാറാക്കി വരികയാണ്. |
| (ബി) പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി രൂപം നൽകിയ കോ-ഓർഡിനേഷൻ കമ്മിറ്റി ഏതെങ്കിലും പദ്ധതിയുടെ ഡി.പി.ആർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ ; | (ബി) കോ - ഓർഡിനേഷൻ കമ്മിറ്റി ഡി.പി.ആറുകൾക്ക് അംഗീകാരം നൽകിയിട്ടില്ല. |
| (സി) ഈ പദ്ധതികൾ ഓരോന്നും നടപ്പാക്കുന്നതിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (സി) പദ്ധതി തയ്യാറാക്കൽ പൂർത്തിയാകാത്തതിനാൽ ഓരോന്നിനും പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കിയിട്ടില്ല. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പദ്ധതികളിലെ തീരദേശ ജലപാത, മാലിന്യപരിപാലനം, നൈപുണ്യ വികസനവും തൊഴിലധിഷ്ടിതവിദ്യാഭ്യാസവും, ഹൈസ്പീഡ് റെയിൽ കോറിഡോർ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി യഥാക്രമം 5 കോടി, 45.55 കോടി, 7.60 കോടി, ഒരു ലക്ഷം രൂപ എന്ന രീതിയിൽ 2013-14 വാർഷിക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ഈ പദ്ധതികളിൽ ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ സഹകരണം ഉറപ്പായവ ഏതൊക്കെയാണ്; ഏതെല്ലാം നിലയിലുള്ള സഹായങ്ങളാണ് ലഭിക്കുക? | (ഡി) പദ്ധതി തയ്യാറാക്കൽ അന്തിമമായിട്ടില്ലാത്തതിനാൽ ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ സഹകരണം സംബന്ധിച്ച് തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ